ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

16 (983) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) ബാർ ലൈസൻസ് അനുവദിക്കുന്നതിന് ദൂരപരിധി കണക്കാക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) ലൈസൻസ് ഫീ എത്രയാണ്;

(ഡി) പ്രസ്തുത കാര്യങ്ങളിൽ വല്ല മാറ്റവും വരുത്തിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി; എന്തെല്ലാം വ്യവസ്ഥകളിൽ ഒഴിവുചെയ്തുകൊണ്ട് ഏതെല്ലാം സ്ഥാപനങ്ങൾക്ക് പുതുതായി ലൈസൻസ് നൽകുകയുണ്ടായി;

(ഇ) പുതുതായി ബാർ ലൈസൻസിനുവേണ്ടി ലഭിച്ച അപേക്ഷകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിദേശമദ്യ ചട്ടം 13(3) പ്രകാരം ഗവൺമെന്റിന്റെ അനുമതിയോടുകൂടി എക്സൈസ് കമ്മീഷണർക്ക് താഴെപ്പറയുന്ന വ്യവസ്ഥകളിൻമേൽ ബാർ ലൈസൻസ് നൽകാവുന്നതാണ്. മൂന്ന് സ്റ്റാറും അതിൽ കൂടിയ സ്റ്റാർ ഹോട്ടലുകൾക്കും ഹെറിറ്റേജ്, ഹെറിറ്റേജ് ഗ്രാന്റ്, ഹെറിറ്റേജ് ക്ലാസിക് എന്നി ക്ലാസുകളിൽപ്പെട്ടതും ഇന്ത്യാ ഗവൺമെന്റിന്റെ ടൂറിസം മിനിസ്ട്രിയുടെ അംഗീകാരം ലഭിച്ചതുമായ ഹോട്ടലുകൾ എന്നിവർക്ക് വാർഷിക റെന്റലായ 18 ലക്ഷം രൂപ അടച്ചാൽ ലൈസൻസ് നൽകുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനം, അമ്പലം, പള്ളി, മോസ്ക്, ശ്മശാനം എന്നിവയ്ക്ക് 200 മീറ്റർ ചുറ്റളവിലുള്ള ഹോട്ടലുകൾക്കോ റെസ്റ്റോറന്റുകൾക്കോ ബാർ ലൈസൻസ് നൽകുകയില്ല. സ്വകാര്യ ഹോട്ടലുകൾ അല്ലാത്തവയ്ക്ക് നാലു സ്റ്റാറോ അതിൽ കൂടിയതോ ആയ ക്ലാസിഫിക്കേഷൻ ഉണ്ടെങ്കിൽ അവയെ ദൂരപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതേ ക്ലാസിഫിക്കേഷനിലുള്ള സ്വകാര്യ ഹോട്ടലുകൾക്ക് അവ സ്കൂളുകൾ, അമ്പലങ്ങൾ, ക്രിസ്ത്യൻ പള്ളി, മോസ്ക്, ശ്മശാനം പട്ടികജാതി/പട്ടികവർഗ്ഗ കോളനി എന്നിവയ്ക്ക് 50 മീറ്റർ ചുറ്റളവിനുള്ളിലാണെങ്കിൽ ലൈസൻസ് നൽകുകയില്ല.

(ബി) ബാർ ലൈസൻസ് അനുവദിക്കുന്നതിന് ദൂരപരിധി കണക്കാക്കുന്നത് ഏറ്റവും ദൂരം കുറഞ്ഞതും പൊതുജനങ്ങൾ സാധാരണയായി ഉപയോഗിക്കുന്നതുമായ വഴിയിലൂടെ ഉള്ള ദൂരമാണ്. ഈ ദൂരം ഗേറ്റ് മുതൽ ഗേറ്റ് വരെ ആണ് കണക്കാക്കുന്നത്.

(സി) 18 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാർ ലൈസൻസ് ഫീ 18 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ ഒഴിവ് ചെയ്തുകൊണ്ട് പുതുതായി ബാർ ലൈസൻസുകൾ അനുവദിച്ചിട്ടില്ല.

(ഇ) തൃശ്ശൂർ ജില്ലയിൽ 2 ഹോട്ടലുകൾക്കും കൊല്ലം ജില്ലയിൽ ഒരു ഹോട്ടലിനും അപേക്ഷ പ്രകാരം ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ബാർ ലൈസൻസിനുള്ള ഒരു അപേക്ഷ പരിശോധനയിലാണ്.

കള്ള് വ്യവസായത്തൊഴിലാളികളുടെ പുനരധിവാസം

17 (984) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കള്ള് ചെത്ത് വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(ബി) കള്ള് വ്യവസായത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തി പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ജോലി സംരക്ഷിക്കാൻ സ്വീകരിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിർത്തലാക്കിയ കള്ള് ഷാപ്പുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കള്ള് ഷാപ്പുകളുടെ നടത്തിപ്പ് തൊഴിലാളികളെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) വിദേശ മദ്യഷാപ്പുകളും ബാറുകളും പുതുതായി അനുവദിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉദയഭാനു കമ്മീഷന്റെ പ്രധാന ശിപാർശയായിരുന്ന ചെത്തു തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് ഉല്പാദന വിതരണ ചുമതല നൽകണമെന്നുള്ളത് 2001-02 കാലഘട്ടത്തിൽ നടപ്പിലാക്കി. എന്നാൽ സംസ്ഥാനത്തെ ചുരുക്കം ചില സഹകരണ സംഘങ്ങൾ ഒഴിച്ച് മറ്റുള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാലും ചില സൊസൈറ്റികൾ മദ്യകുത്തകകളുടെ പിടിയിലായതിന്റെയും ഫലമായിട്ടാണ് പ്രസ്തുത സഹകരണ സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിച്ച് നിലവിലുള്ള ലൈസൻസിംഗ് സമ്പ്രദായം കൊണ്ടുവന്നിട്ടുള്ളത്.

കള്ളുഷാപ്പുകളിൽ ചാരായം, സ്പിരിറ്റ്, വിദേശമദ്യം എന്നിവ വിൽക്കുന്നത് ജയിൽ ശിക്ഷയ്ക്ക് അർഹമാക്കണമെന്നുള്ള ശിപാർശയിൻമേൽ പുതിയ അബ്കാരി നിയമമനുസരിച്ച് അബ്കാരി കുറ്റങ്ങൾ ജാമ്യമില്ലാ കുറ്റമായും 1 ലക്ഷം രൂപയും 10 വർഷം വരെ തടവും നല്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

കമ്മീഷന്റെ മറ്റുള്ള ശിപാർശകൾ പ്രായോഗികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ കാരണം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly